# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1068      14.01.2021 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളുടെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ.എസ്.ഐ. ആശുപത്രികളുടെ സേവനം ലഭ്യമാണോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ 9 ഉം ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ 3 ഉം ഉൾപ്പെടെ ആകെ 12 ഇ.എസ്.ഐ ആശുപത്രികൾ സംസ്ഥാനത്തുണ്ട്. വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. ഇ.എസ്.ഐ ആശുപത്രിയുടെ സൗകര്യം ലഭിക്കാത്ത ജില്ലകളിൽ ഇടുക്കി, വയനാട് ജില്ലകൾ ഒഴിച്ച് ബാക്കി ജില്ലകളിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നിലവിൽ സമീപ ജില്ലകളിലെ എംപാനൽഡ് ആശുപത്രികൾ വഴി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ പ്രധാനപ്പെട്ട പരിഹാര നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) യും (സി) യും | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതിനകം നടപ്പിൽ വരുത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവ

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | തിരുവനന്തപുരം | പേരൂർക്കട |
| 2 | കോട്ടയം | വടവാതൂർ |
| 3 | ആലപ്പുഴ | ആലപ്പുഴ |
| 4 | എറണാകുളം | എറണാകുളം |
| 5 | തൃശ്ശൂർ | മുളങ്കുന്നത്തുകാവ്, ഒളരിക്കര |
| 6 | പാലക്കാട് | പാലക്കാട് |
| 7 | കോഴിക്കോട് | ഫറോക്ക് |
| 8 | കണ്ണൂർ | തോട്ടട |

## ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ളവ

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | കൊല്ലം | ആശ്രാമം, എഴുകോൺ |
| 2 | എറണാകുളം | ഉദ്യോഗമണ്ഡൽ |

സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

**സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ ശുപാർശകളും സ്വീകരിച്ച നടപടികളും**

| ക്രമ നം. | ശുപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചു.<br><br>ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ Reasonable Medical Care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഓരോ ഇ.എസ് .ഐ ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.<br><br>ആറ് ഇ.എസ്.ഐ ആശുപത്രികളിൽ 2019-2020 ലെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി Level – 1 ഇന്റൻസീവ് കെയർ യൂണിറ്റുകൾ (ICU) സ്ഥാപിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ |

| | | |
|---|---|---|
| | | സ്ഥാപിച്ചിട്ടുണ്ട് .<br><br>ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു.<br><br>ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് സ്ഥാപിച്ചിട്ടുണ്ട് .<br><br>വിവിധ ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ് , ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇ.എസ്.ഐ ഡിസ്പെൻസറി ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിലെ 35% M.B.B.S സീറ്റുകൾ ഇ.എസ്.ഐ അർഹതയുള്ള തൊഴിലാളികളുടെ മക്കൾക്കായി നീക്കിവെച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br><br>ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് .<br><br>എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട് . |

| | | |
|---|---|---|
| | | റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട് .<br><br>ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് .<br><br>ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു .<br><br>സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട് .<br><br>ഇ.എസ്.ഐ ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാർക്ക് പാസാക്കാവുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക 2,000 രൂപയിൽ നിന്ന് 10,000 രൂപയായും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 6,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചും ജോയിന്റ് ഡയറക്ടർക്ക് 75,000 രൂപയായി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.<br><br>വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . |

| | | |
|---|---|---|
| | | പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട് .<br><br>ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു .<br><br>പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ ' സ്ഥാപിച്ചു.<br><br>പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.<br><br>ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ്, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു .<br><br>എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് .<br><br>ഉച്ചക്ക് ശേഷവും ലബോട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് .<br><br>2020-2021 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ആശുപത്രികളിൽ പവർ ലോൺട്രി, സി.സി.ടി.വി, മൂന്ന് ആശുപത്രികളിൽ ഐ.സി.യു |

| | | |
|---|---|---|
| | | എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്<br><br>ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത IVF ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. |
| 2 | ഇ.എസ്.ഐ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കേണ്ടതാണ് . | സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തിയിട്ടുണ്ട്. ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി പൂർത്തിയാക്കിയ ഡോക്ടർമാരെ ഇ.എസ്.ഐ ആശുപത്രികളിൽ നിയമിച്ച് വരുന്നുണ്ട്. |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഡിസ്പെൻസറികളുടേയും അറ്റകുറ്റപ്പണികളും സ്പെഷ്യൽ റിപ്പയറും അടിയന്തിരമായി നടത്തേണ്ടതാണ് . | ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കി ഇ.എസ്.ഐ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. |
| 4 | നോൺ സപ്ലൈ ആയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പോലെ സർക്കാർ ഏജൻസികൾ വഴിയും ലഭിക്കുവാനുള്ള അനുവാദവും പകർച്ചവ്യാധികൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ അടിയന്തിരമായി മരുന്ന വാങ്ങുന്നതിനുള്ള അനുമതിയും നൽകേണ്ടതാണ്. | ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ , കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് . |
| 5 | ലാബ് സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ് | ഇ.എസ്.ഐ ആശുപത്രികളിൽ ഉച്ചക്കുശേഷം രോഗികൾക്ക് C.G.H.S നിരക്കിൽ ലാബ് പരിശോധന |

| | | |
|---|---|---|
| | | ലഭിക്കുന്നതിന് സ്വകാര്യ ലാബുകളെ എംപാനൽ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലാബ് അപ്ഗ്രഡേഷന്റെ ഭാഗമായി നാല് Fully Automatic Analyser- ഉം രണ്ട് ആശുപത്രികളിൽ Haematology Analyser- ഉം സ്ഥാപിച്ചിട്ടുണ്ട് . |
| 6 | പുതിയ ആയുർവേദ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. | എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ -1 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ആയുർവേദ യൂണിറ്റ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |
| 7 | മലപ്പുറം ജില്ലയിൽ ആയുർവ്വേദ ഹോമിയോ വിഭാഗവും പാലക്കാട് ജില്ലയിൽ ഹോമിയോ യൂണിറ്റുകളും ആരംഭിക്കണം . | ഈ വിഷയം സർക്കാർ പരിശോധിച്ചിരുന്നു. ഇ.എസ്.ഐ മാനദണ്ഡപ്രകാരം ഇ.എസ് .ഐ ഡിസ്പെൻസറിയിൽ ആയുർവേദ/ ഹോമിയോ യൂണിറ്റുകൾ ആരംഭിക്കണമെങ്കിൽ ആറു മാസത്തെ ശരാശരി OPD Attendance 200 ൽ കൂടുതൽ ആയിരിക്കേണ്ടതുണ്ട്. ഈ നിബന്ധന പാലിക്കാത്തതിനാൽ പ്രൊപ്പോസലുകൾ നിരസിച്ചിരുന്നു. |
| 8 | പരിതാപകരമായ അവസ്ഥയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസെൻസറികൾക്ക് പുതിയ കെട്ടിടങ്ങൾ കണ്ടെത്തണം | മോശമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസെൻസറികൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്ന വിഷയം ഇ.എസ് .ഐ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . |
| 9 | ആശുപത്രികളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനത്തിനുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പാസ്സാക്കിയ എസ്റ്റിമേറ്റുകൾക്കുള്ള ഫണ്ട് കൃത്യമായി കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കേണ്ടതുണ്ട് | ഇ.എസ്.ഐ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിച്ചിട്ടുണ്ട് . ഇ.എസ് .ഐ ആശുപത്രി സൂപ്രണ്ടിന്റെയോ ഇ.എസ്.ഐ ഡിസ്പെൻസറിയുടെ മെഡിക്കൽ ഓഫീസറുടെയോ ആവശ്യപ്രകാരം പ്രവർത്തികൾ നടത്തിവരുന്നുണ്ട് . |
| 10 | ആശുപത്രികളിൽ ഐ.റ്റി മാനേജർ / ഐ.റ്റി അസിസ്റ്റന്റിനെ പോസ്റ്റ് ചെയ്യുവാൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ തലത്തിൽ നടപടി സ്വീകരിക്കണം | നിയമിച്ചിട്ടുണ്ട് |

| | | |
|---|---|---|
| 11 | സൂപ്പർ സ്പെഷ്യാലിറ്റി ഒ.പികൾ തുടങ്ങുവാനുള്ള നടപടികൾ കോർപ്പറേഷൻ തലത്തിൽ നടത്തേണ്ടതാണ് | ഇ.എസ്.ഐ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി ആരംഭിക്കുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-2018 വർഷത്തെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല . |
| 12 | എറണാകുളം ആശുപത്രിയുടെ ബെഡ് ഒക്യുപെൻസി ഉയർത്തേണ്ടതാണ് | എറണാകുളം ഇ.എസ്.ഐ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് . നിർമ്മാണ പ്രവർത്തിക്കാവശ്യമായ നടപടികൾ പുരോഗമിക്കുന്നു. |
| 13 | ഇ.എസ്.ഐ സ്ഥാപനങ്ങളിലെ പരാതി പരിഹാര സെൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. | ഇ.എസ്.ഐ ആശുപത്രികളിലെ പരാതി പരിഹാര സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| 14 | അടിയന്തിരഘട്ടങ്ങളിലേക്കാവശ്യമായ impress money താഴെപ്പറയുന്ന രീതിയിൽ ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കണം<br><br>Imprest Money ₹ 25,000/- hospitals at a time maximum 3 lakhs/year Dispensaries with own building ₹ 15,000/- at a time 1.5 lakhs/year | അടിയന്തിര സാഹചര്യത്തിൽ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് മാർക്ക് 50,000/- രൂപ ഇംപ്രസ്റ്റ് മണിയായി അനുവദിച്ചിട്ടുണ്ട് . |
| 15 | ചക്കോരത്തുകുളത്ത് പ്രവർത്തിക്കുന്ന സബ്സ്റ്റോർ അടിയന്തിരമായി വാടകക്കെട്ടിടത്തിലേക്ക് മാറ്റേണ്ടതുണ്ട് ഒപ്പം ചാലപ്പുറത്തുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് , സബ്സ്റ്റോർ, ചാലപ്പുറം ഇ.എസ്.ഐ ഡിസ്പെൻസറി എന്നിവ ഉൾപ്പെടുത്തി ഒരു പുതിയ കെട്ടിട സമുച്ചയവും നിർമ്മിക്കേണ്ടതാണ്. | ചക്കോരത്തുകുളത്ത് പ്രവർത്തിക്കുന്ന സബ്സ്റ്റോർ വാടകക്കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചാലപ്പുറം ഇ.എസ്.ഐ ഡിസ്പെൻസറി, സബ്സ്റ്റോർ എന്നിവയ്ക്കായി ഒരു കെട്ടിടസമുച്ചയം പണിയുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട് . |

| | | |
|---|---|---|
| | | |
| 16 | മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സബ്സ്റ്റോർ, എറണാകുളം ഇ.എസ്.ഐ ആശുപത്രി എന്നിവയ്ക്ക് പുതിയ കെട്ടിട സമുച്ചയം എറണാകുളം ഇ.എസ്.ഐ ആശുപത്രി കോമ്പൗണ്ടിൽ നിർമ്മിക്കേണ്ടതാണ്. | നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ